പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 323 09.03.2015-ൽ മറുപടിക്ക്

## വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസ്

ചോദ്യം
ശ്രീ. കെ. അജിത് :

ഉത്തരം
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈക്കം കെ.എസ്. ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിന് ഉപയുക്തമായ എത്ര ബസുകളാണ് ഉണ്ടായിരുന്നതെന്നും ഇതു വഴി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു എന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ സർവ്വീസ് നടത്തുന്നതിന് ഉപയുക്തമായ 62 ബസുകളാണ് ഉണ്ടായിരുന്നത്. ഇതു വഴി ശരാശരി 49 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. |
| (ബി) | വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ എത്ര ബസുകൾ കണ്ടം ചെയ്ത് മാറ്റിയിട്ടുണ്ടെന്നും എത്ര ബസുകൾ കൂടുതലായി ഡിപ്പോയിലേക്ക് അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചതിൽ എത്ര പുതിയ ബസുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | വൈക്കം ഡിപ്പോയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 23 ബസുകൾ കണ്ടം ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 14 ബസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 9 എണ്ണം പുതിയ ബസുകളാണ്. |
| (സി) | വൈക്കം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഇപ്പോൾ എത്ര ബസുകളാണ് ഉള്ളതെന്നും ഇതു വഴി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | വൈക്കം ഡിപ്പോയിൽ 58 ബസുകളാണ് നിലവിലുള്ളത്. 03.03.2015-ലെ കണക്കനുസരിച്ച് ഇതിൽ 11 ബസുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരിക്കുകയാണ്. 49 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (ഡി) | കഴിഞ്ഞ 4 വർഷത്തിനുള്ളിൽ വൈക്കം ഡിപ്പോയിലേയ്ക്ക് അനുവദിച്ച ബസുകൾ ഏതൊക്കെ മോഡലുകളിൽ ഉള്ളവയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 2001 മോഡൽ - 1 എണ്ണം<br>2008 മോഡൽ - 3 എണ്ണം<br>2009 മോഡൽ - 1 എണ്ണം<br>2012 മോഡൽ - 6 എണ്ണം<br>2013 മോഡൽ - 2 എണ്ണം<br>2015 മോഡൽ - 1 എണ്ണം<br>ആകെ 14 ബസുകൾ |

സെക്ഷൻ ഓഫീസർ